**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2739** **13-12-2022 - ൽ മറുപടിയ്ക്ക്**

**ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ പ്രതിവർഷ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ പ്രതിവർഷ നഷ്ടം ഇപ്പോൾ എത്രയാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | **പരിശോധിച്ചിട്ടുണ്ട്.**<br><br>**2021-22 – 4237.05 ലക്ഷം രൂപ (ഓഡിറ്റ് ചെയ്തിട്ടില്ല)**<br><br>**2020-21 - 4478.22 ലക്ഷം രൂപ** |
| (ബി) | 2016 മുതൽ നാളിതുവരെ ട്രാക്കോ കേബിൾ കമ്പനിയിലെ ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകാൻ കഴിയാത്തതും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇ.പി.എഫ്. ആക്ട് അനുസരിച്ച് പിരിച്ചെടുത്തതും കമ്പനി വിഹിതമായി അടക്കേണ്ടതുമായ പി. എഫ്. തുക അടയ്ക്കാതെ കുടിശ്ശികയായി മാറിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** 2022 ഒക്ടോബർ മാസം വരെയുള്ള ശമ്പളം തൊഴിലാളികൾക്ക് അതത് മാസം തന്നെ നൽകിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം മാനേജ്മെന്റ് കേഡറിലുള്ള ജീവനക്കാർക്ക് 2022 ഒക്ടോബർ മാസത്തെ ശമ്പളത്തിന്റെ പകുതിയും, നവംബറിലെ ശമ്പളവും, തൊഴിലാളികൾക്ക് നവംബർ മാസത്തെ ശമ്പളവും വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല.<br><br>2022 മാർച്ച് മാസം മുതൽ ശമ്പളത്തിൽ നിന്നും ഇ.പി.എഫ് ആക്ട് അനുസരിച്ച് പിരിച്ചെടുത്തതും കമ്പനി വിഹിതമായി അടക്കേണ്ടതുമായ പി.എഫ് തുക സാമ്പത്തിക പ്രതിസന്ധി മൂലം അടക്കുവാൻ കമ്പനിക്ക് സാധിച്ചിട്ടില്ല. എന്നാൽ 2022 ഒക്ടോബർ മാസം വരെ കമ്പനിയിൽ നിന്നും പിരിഞ്ഞുപോയ ജീവനക്കാരുടെ പി.എഫ് തുക കമ്പനി അടച്ചു തീർത്തിട്ടുണ്ട്. |
| (സി) | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഓർഡറുകൾ 2016 മുതൽ നാളിതുവരെ എത്രയാണെന്ന് പ്രതിവർഷ അടിസ്ഥാനത്തിൽ വിശദമാക്കുമോ? | (സി) | 2016 മുതൽ നാളിതുവരെ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഓഡറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2016-17 - 76.46 ലക്ഷം<br><br>2017-18 - 87.13 ലക്ഷം<br><br>2018-19 - 178.45 ലക്ഷം<br><br>2019-20 - 151.61 ലക്ഷം |

| | | | |
|---|---|---|---|
| | | | 2020-21 - 221.34 ലക്ഷം<br><br>2021-22 - 106.93 ലക്ഷം |

സെക്ഷൻ ഓഫീസർ